ഗാഡ്ഗിൽ റിപ്പോർട്ടിനെ അനുകൂലിച്ചതിന്റെ പേരിൽ സ്ഥാനാർത്ഥിത്വം പോലും നിഷേധിക്കപ്പെട്ടിട്ടും നിലപാടിൽ ഉറച്ചുനിന്നുകൊണ്ട്, കത്തോലിക്കസഭയുടെ മുൻകൈയിൽ നടക്കുന്ന അസത്യപ്രചരണങ്ങളെ പ്രതിരോധിക്കുന്ന **പി.ടി. തോമസ്** സംസാരിക്കുന്നു.

# ബിഷപ്പിനും ഹൈറേഞ്ച് സമിതിക്കും നിഗൂഢ അജണ്ടകളുണ്ട്

**സഭയുടെ നേതൃത്വത്തിൽ നടക്കുന്ന കർഷകസമരങ്ങളോടു താങ്കൾ പുറംതിരിഞ്ഞുനിന്നത് എന്തുകൊണ്ടാണ്?**

ഇടുക്കി ബിഷപ്പിനും ഹൈറേഞ്ച് സംരക്ഷണ സമിതിക്കും നിഗൂഢമായ അജണ്ടയുണ്ട്. തെറ്റായ രീതിയിലുള്ള പ്രചാരണം അഴിച്ചുവിട്ട് വിഭാഗീയത സൃഷ്ടിക്കാനുള്ള ശ്രമങ്ങളാണ് ബിഷപ്പിന്റെ നേതൃത്വത്തിൽ നടക്കുന്നത്. ഇല്ലാത്ത ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടിലെ ഇല്ലാത്ത നിർദ്ദേശങ്ങളും പ്രചരിപ്പിച്ച് സാധാരണ കർഷകരെ സംരക്ഷിക്കാനാണ് ഇവർ ശ്രമിക്കുന്നത്. അസത്യപ്രചാരണം നടത്തി ജനങ്ങളിൽ ആശങ്ക വളർത്തുന്നതിനെയാണ് ഞാൻ എതിർക്കുന്നത്. പ്രദേശത്തെ എം.പി.യെന്ന നിലയിൽ എനിക്കതിന് ഉത്തരവാദിത്തമുണ്ട്. ഉടുമ്പൻചോലയിൽ ജനിച്ചുവളർന്ന എനിക്ക് കർഷകരുടെ എല്ലാവിധ വേദനയും വിഷമവും മനസ്സിലാവും. റിപ്പോർട്ടിന്റെ കരട് വിജ്ഞാപനത്തിൽ വിലക്കിയിട്ടുള്ള അഞ്ചുകാര്യങ്ങളും സാധാരണ കർഷകരെ ദോഷമായി ബാധിക്കുന്ന കാര്യങ്ങളല്ല. ഗാഡ്ഗിൽ കമ്മിറ്റിയുടേയും കസ്തൂരി രംഗൻ കമ്മിറ്റിയുടേയും പല നിർദ്ദേശങ്ങളും പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമാണ്. കർഷകർക്ക് യാതൊരു തരത്തിലും ദോഷം ചെയ്യാത്തതുമാണ്. എന്നാൽ ഈ റിപ്പോർട്ടുകളൊന്നും ശരിയായ രീതിയിൽ വായിച്ചിട്ടുപോലുമില്ലാത്തവരാണ് സമരവുമായി ഇറങ്ങിയിട്ടുള്ളത്.രാസവളപ്രയോഗത്തിൽ നിന്ന് ഘട്ടം ഘട്ടമായി ജൈവവളത്തിലേക്കു മാറണമെന്നും ഇത്തരത്തിലുള്ള കൃഷിയിൽ നഷ്ടം വന്നാൽ സർക്കാർ നഷ്ടപരിഹാരം നൽകിക്കൊണ്ടിരിക്കണമെന്നും, മണൽ, പാറ ഖനനങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തി നദികൾ സംരക്ഷിക്കണമെന്നും, വനാവകാശം പൂർണ്ണമായും അംഗീകരിക്കണമെന്നുമൊക്കെയുള്ള നിർദ്ദേശങ്ങൾ എങ്ങിനെയാണ് കർഷകന് ദോഷമായി മാറുന്നത്.

ഹൈറേഞ്ചിൽ 380 പാറമട ലോബികൾ സ്ഥലം വാങ്ങിക്കൂട്ടി ഖനനം തുടങ്ങാൻ ശ്രമിക്കുന്നുവെന്നത് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തതാണ്. കമ്മ്യൂണിറ്റി റിസർവായി നിർണയിച്ച സ്ഥലങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിച്ചാൽ കർഷകന് ഫണ്ട് അനുവദിക്കാനുള്ള നിർദ്ദേശമുണ്ട്. മൂന്നു പശുക്കളെ കൂടുതൽ വളർത്തുകയാണെങ്കിൽ കർഷകർക്ക് സർക്കാർ ധനസഹായം നൽകണമെന്നാണ് മറ്റൊരു നിർദ്ദേശം. ഇത്തരത്തിൽ കർഷകനു ഗുണകരവും പരിസ്ഥിതി സൗഹൃദവുമായ ഒട്ടേറെ നിർദ്ദേശങ്ങൾ രണ്ട് റിപ്പോർട്ടുകളിലുമുണ്ട്. എന്നാൽ നാടുമുഴുവൻ കാടായി മാറുമെന്നും സന്ധ്യകഴിഞ്ഞാൽ ഉറക്കെ സംസാരിച്ച് കാട്ടുമൃഗങ്ങളുടെ ഉറക്കം നഷ്ടപ്പെടുത്തിയാൽ ശിക്ഷ ലഭിക്കുമെന്നും മറ്റുമുള്ള കപടപ്രചരണമാണ് സമരക്കാർ വ്യാപകമായി നടത്തുന്നത്. ഉത്തരവാദപ്പെട്ട രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇതിനെല്ലാം കൂട്ടു നിൽക്കുന്നത് വളരെ ഖേദകരമാണ്.




പ്രതീകാത്മകമായി പി.ടി. തോമസ് എം.പിയുടെ ശവമഞ്ചം ചുമന്നുകൊണ്ടുപോകുന്ന പ്രതിഷേധക്കാർ

**കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരിസ്ഥിതിലോല മേഖലകൾ നിർണ്ണയിച്ചതിൽ അപാകത സംഭവിച്ചതായി മുഖ്യമന്ത്രിയും പറയുന്നുണ്ടല്ലോ?**

ഇതേ അഭിപ്രായം എനിക്കും ഉണ്ട്. തോട്ടം വനം മേഖലകളെ വേർതിരിച്ചറിയാൻ സാധിക്കാത്ത റിമോട്ട് സെൻസിംഗ് ഉപയോഗിച്ച് പഠനം നടത്തിയതുകൊണ്ടുണ്ടായ അപാകതകൾ പരിഹരിക്കപ്പെടണം. റിപ്പോർട്ടിൽ പരിസ്ഥിതി ലോലമായി കണക്കാക്കിയ 123 വില്ലേജുകളുടെ കാര്യം കൃത്യമായ മാനദണ്ഡത്തിൽ പുനരവലോകനം നടത്തി പരിസ്ഥിതിലോലമെന്തെന്ന് നിർണ്ണയിക്കട്ടെ. അതിന് ജനപ്രതിനിധികളുടെ അഭിപ്രായം തേടട്ടെ. അതിനൊന്നും ഞാനെതിരല്ല. എന്നാൽ പരിസ്ഥിതി സംരക്ഷിക്കാനേ പാടില്ല എന്ന ദുഷ്ടലാക്കോടെ നടത്തുന്ന നീക്കങ്ങളെയാണ് ഞാൻ ചോദ്യം ചെയ്യുന്നത്.

സഭയ്ക്ക് പരിസ്ഥിതിയുടെ കാര്യത്തിൽ അവബോധം ഇല്ലെന്ന് ഞാൻ കരുതുന്നില്ല. 2012 മാർച്ച 19ന് കെ.സി.ബി.സി പ്രസിഡന്റ് ആർച്ച് ബിഷപ്പ്മാർ ആൻഡ്രൂസ് താഴത്ത് 'പച്ചയായ പുൽത്തകിടി'യിലേക്ക് എന്ന പേരിൽ പുറത്തിറക്കിയ നയരേഖ ഒന്നുവായിച്ചിട്ട് വേണം മാർമാത്യു ആനിക്കുഴിക്കാട്ടിൽ എനിക്കെതിരെ വാളോങ്ങാൻ. കേന്ദ്ര-സംസ്ഥാന സർക്കാരുകളും ഇതര സാമൂഹിക സംഘടനകളും പരിസ്ഥിതി സംരക്ഷണത്തിൽ നടപ്പാക്കുന്ന കർമ്മപദ്ധതികളോട് സഹകരിച്ച് നീങ്ങാൻ സഭക്ക് കഴിയണമെന്ന് ഈ നയരേഖ പറയുന്നുണ്ട്. *(കടപ്പാട്: കേരളശബ്ദം)* ■